# <u>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ</u>
# <u>ജില്ലാ ഓഫീസ്, വയനാട്</u>

No. W S (1) 294/09 നോർത്ത് കല്പറ്റ,
Category No31/2007 27-2-2009

.

## <u>വിജ്ഞാപനം</u>

14/2/2007ലെ ഗസറ്റ് വിജ്ഞാപനപ്രകാരം വയനാട് ജില്ലയിൽ തസ്തികമാറ്റം മുഖേന വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ്–2 (HDV) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 9-05-2008 ന് നടത്തിയ OMR പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നന്നതിന് മുന്നോടിയായി നടത്തുന്ന പ്രായോഗിക പരീക്ഷയിൽ ഉൾപ്പെടാൻ സോപാധികമായി അർഹനാണെന്ന് കണ്ട ഉദ്യോഗാർത്ഥിയുടെ രജിസ്റ്റർ നമ്പർ ചേർത്ത ചുരുക്കപെട്ടിക പ്രസിദ്ധീകരിക്കുന്നു

പരീക്ഷയ്ക്ക് ഹാജരായി നിശ്ചിത മാർക്ക് നേടിയ ഉദ്യോഗാർത്ഥിയുടെ രജിസ്റ്റർ നമ്പറാണ് ലിസ്റ്റിൽ ചേർത്തിട്ടുള്ളത്

ഈ സാധ്യതാലിസ്റ്റിൽ നമ്പർ ഉൾപ്പെട്ട ഉദ്യോഗാർത്ഥി പേര്, ജനനത്തീയതി, യോഗ്യതകൾ തുടങ്ങിയവയെല്ലാം തെളിയിക്കുന്നതിനുവേണ്ടി എല്ലാ അസ്സൽ പ്രമാണങ്ങളും പ്രായോഗിക പരീക്ഷാസമയത്ത് ഹാജരാക്കേണ്ടതാണ്.

**<u>LIST</u>**

W 300001

(…..2)

## അറിയിപ്പുകളും നിർദ്ദേശങ്ങളും

1) അപേക്ഷയുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ തികച്ചും സോപാധികമായിട്ടാണ് ഈ പട്ടികയിൽ റജിസ്റ്റർ നമ്പർ ഉൾപ്പെടുത്തിയിരിക്കുന്നത് . സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

2) ഉദ്യോഗാർത്ഥി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷയിൽ എഴുതാത്ത യാതൊരു അവകാശവാദവും തുടർന്ന് സ്വീകരിക്കുന്നതല്ല.

**3. ഉദ്യോഗാർത്ഥി പരിശോധനയ്ക്ക് ഹാജരാക്കേണ്ട പ്രമാണങ്ങൾ**

a). പേര്, ജനന തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിന് സ്കൂൾ സർട്ടിഫിക്കറ്റിന്റെ ഒറിജിനലും (അസ്സൽ) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും.

b) മൂന്നു വർഷമായി പ്രാബല്യത്തിലുള്ള ബാഡ്ജോടുകൂടിയ സാധുവായ ഹെവി ഡ്യൂട്ടി ഡ്രൈവിംഗ് ലൈസൻസ് (അസ്സൽ) കോപ്പിയും.

c) വയനാട് ജില്ലയിലെ സ്ഥിരതാമസക്കാരാണെന്ന് അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ 6-5-08ലെ GO(Rt) 1553/08/(Rt) നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളതും GO(MS)205/83 Dated 26.2.1983 പ്രകാരമുള്ളതുമായ ഫോറത്തിൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

d) നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, അസ്സൽ.

e) അപേക്ഷ അയക്കുമ്പോൾ ജോലി ചെയ്തിരുന്ന വകുപ്പിന്റെ തലവനിൽ നിന്നോ ഓഫീസ് മേധാവിയിൽ നിന്നോ വാങ്ങിയിട്ടുള്ള രശീത് അല്ലെങ്കിൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (ഒറിജിനൽ).

f) 4-4-2008ലെ അസാധാരണഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ മാതൃകയിലുള്ള സർവ്വീസ് സർട്ടിഫിക്കറ്റ്.

g) പേര്, ജനനത്തീയതി, ഒപ്പ് എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുണ്ടെങ്കിൽ ആയത് വിജ്ഞാപനം ചെയ്ത ഗസറ്റും അതിന്റെ ശരിപ്പകർപ്പും.

h) മറ്റെന്തെങ്കിലും അവകാശവാദമുണ്ടെങ്കിൽ അത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും പകർപ്പും

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)
ഒപ്പ്/
പി. വിജയൻ
ജില്ലാ ഓഫീസർ,
കെ.പി.എസ്.സി **ജില്ലാ ഓഫീസ്, വയനാട്**

**വിതരണാനുമതി നൽകുന്നു**
**(ഒപ്പ്)**
**സെക്ഷൻ ഓഫീസർ**

ks. 28/2/09